പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6415 — 08.07.2014 ൽ മറുപടിയ്ക്ക്

## മോട്ടോർ വാഹനവകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ സ്ഥലം മാറ്റം

ചോദ്യം
ശ്രീ. എസ്.രാജേന്ദ്രൻ:
ശ്രീ.കെ.വി.അബ്ദുൾ ഖാദർ:
ശ്രീ.കെ.കെ.നാരായണൻ:
ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ):

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും, സിനിമയും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ സ്ഥലം മാറ്റത്തിന്റെ പേരിൽ കോഴ വാങ്ങുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഒരേ ഓഫീസിൽ മൂന്നു വർഷം പൂർത്തിയാകാത്തവരെ സ്ഥലം മാറ്റരുതെന്ന ചട്ടം ലംഘിച്ചാണ് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ സ്ഥലം മാറ്റിയിരിക്കുന്നതെന്ന ആക്ഷേപത്തിന്മേൽ നിലപാട് വ്യക്തമാക്കാമോ; | (ബി) | ഇത്തരം ഒരു ചട്ടം നിലവിലില്ല |
| (സി) | ചെക്ക്പോസ്റ്റുള്ള ഓഫീസുകളിലേക്ക് സ്ഥലം മാറ്റം നൽകാൻ കോഴ നൽകുന്നതായുള്ള ആക്ഷേപത്തിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (സി) യും (ഡി) യും | പരാതികൾ ലഭിച്ചാൽ അന്വേഷണം നടത്താവുന്നതാണ് |
| (ഡി) | മാനദണ്ഡം ലംഘിച്ച് സ്ഥലം മാറ്റം നടന്നതായുള്ള പരാതികളിൽ അന്വേഷണം നടത്താൻ വിജിലൻസ് വിഭാഗത്തോട് ആവശ്യപ്പെടുമോ? | | |

സെക്ഷൻ ഓഫീസർ